REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 14-06-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇറ്റലിയിലെ അപുലിയയിൽ നടക്കുന്ന G-7 ഔട്ട്റീച്ച് ഉച്ചകോടിയെ അഭിസംബോധന ചെയ്യും.
- കുവൈറ്റിൽ തീപിടുത്തത്തിൽ മരിച്ച ഇന്ത്യക്കാരുടെ മൃതദേഹങ്ങളുമായി പ്രത്യേക വ്യോമസേന വിമാനം കൊച്ചിയിലേക്ക് പുറപ്പെട്ടു.
- വിശുദ്ധ ഹജ്ജിന്റെ സുപ്രധാന കർമ്മങ്ങൾ ഇന്ന് തുടക്കം.
- ലോക കേരള സഭയുടെ നാലാം സമ്മേളനം ഉച്ചകഴിഞ്ഞ് ആരംഭിക്കും.
- ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഒമാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇറ്റലിയിലെ അപുലിയയിൽ നടക്കുന്ന G-7 ഔട്ട്റീച്ച് ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ഇറ്റലി പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരം ദ്വിദിന സന്ദർശനത്തിനായി ഇന്നലെ രാത്രിയാണ് നരേന്ദ്രമോദി ഇറ്റലിയിലെത്തിയത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)....

സന്ദർശനത്തോടനുബന്ധിച്ച്, G-7 നേതാക്കളുമായും ഔട്ട്റീച്ച് രാജ്യങ്ങളുമായും അന്താരാഷ്ട്ര സംഘടനകളുമായും മോദി ഉഭയകക്ഷി യോഗങ്ങളും ചർച്ചകളും നടത്തിയേക്കും. കാനഡ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, UK, അമേരിക്ക എന്നിവ ഉൾപ്പെടുന്നതാണ് G7.

ഇന്ത്യ-ഇറ്റലി തന്ത്രപരമായ പങ്കാളിത്തം ഏകീകരിക്കാനും ഇന്തോ-പസഫിക്, മെഡിറ്ററേനിയൻ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പുറപ്പെടുന്നതിന് മുമ്പ് നടത്തിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. തുടർച്ചയായ മൂന്നാം തവണയും അധികാരത്തിലെത്തിയ ശേഷം ജി-7 ഉച്ചകോടിക്കായി ഇറ്റലിയിലേക്കാണ് തന്റെ ആദ്യ സന്ദർശനം എന്നതിൽ സന്തോഷമുണ്ടെന്നും മോദി പറഞ്ഞു.

ഔട്ട്റീച്ച് സെഷനിലെ ചർച്ചകളിൽ നിർമ്മിത ബുദ്ധി, ഊർജം, ആഫ്രിക്ക, മെഡിറ്ററേനിയൻ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

കുവൈറ്റിൽ മൻഗാഫ് നഗരത്തിലെ കെട്ടിടത്തിൽ ഉണ്ടായ തീപിടുത്തത്തിൽ മരിച്ച ഇന്ത്യക്കാരുടെ മൃതദേഹങ്ങളുമായി പ്രത്യേക വ്യോമസേന വിമാനം കൊച്ചിയിലേക്ക് പുറപ്പെട്ടു. വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് മൃതദേഹങ്ങളെ അനുഗമിക്കുന്നുണ്ട്.

രാവിലെ എട്ടരയോടെ വിമാനം കൊച്ചി വിമാനത്താവളത്തിൽ എത്തിച്ചേരും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)........

മരിച്ച മലയാളികളുടെ മൃതദേഹങ്ങൾ കൊച്ചിയിലിറക്കിയ ശേഷം ബാക്കി മൃതദേഹങ്ങളുമായി വിമാനം ഡൽഹിയിലേക്ക് പോകുമെന്ന് കുവൈത്തിലെ ഇന്ത്യൻ എംബസി പ്രസ്താവനയിൽ അറിയിച്ചു. ദുരന്തത്തിൽ മരിച്ച 49 പേരിൽ 46 ഉം ഇന്ത്യക്കാരാണ്. 24 മലയാളികളാണ് മരിച്ചത്. തമിഴ്നാട്ടിൽ നിന്നു ഏഴ് പേരും, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നിന്നു മൂന്ന് പേർ

വീതവും, ഒഡീഷയിൽ നിന്നു രണ്ട് പേരും, ബീഹാർ, പഞ്ചാബ്, കർണാടക, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഹരിയാന, എന്നിവിടങ്ങളിൽ നിന്നു ഓരോരുത്തരുമാണ് മരിച്ചത്.

മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, സംസ്ഥാന മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ കൊച്ചി വിമാനത്താവളത്തിൽ മൃതദേഹങ്ങൾ ഏറ്റുവാങ്ങി ആദരാഞ്ജലി അർപ്പിക്കും. വിമാനത്താവളത്തിൽ നിന്ന് പ്രത്യേക ആംബുലൻസുകളിൽ മൃതദേഹങ്ങൾ മരണമടഞ്ഞവരുടെ വീടുകളിലേക്ക് കൊണ്ടുപോകും. ഇതിനായി നോർക്കയുടെ ആഭിമുഖ്യത്തിൽ ആംബുലൻസുകൾ തയ്യാറാക്കിയിട്ടുണ്ട്.

✪✪✪

അതിനിടെ, വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് നിയോഗിച്ച മന്ത്രി വീണ ജോർജിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാത്തതിനാൽ കുവൈത്തിലേക്ക് പോകാൻ കഴിഞ്ഞില്ല. യാത്രയ്ക്കായി വൈകിട്ട് മന്ത്രി കൊച്ചി വിമാനത്താവളത്തിൽ എത്തിയിരുന്നു. അത്യന്തം ദൗർഭാഗ്യകരമായ സംഭവ വികാസമാണ് ഇതെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കുവൈത്തിൽ കെട്ടിടത്തിന് തീപിടിച്ച് 49 പേർ മരിച്ചതുമായി ബന്ധപ്പെട്ട് ഒരു കുവൈറ്റ് പൗരനെയും ഒരു പ്രവാസിയെയും റിമാൻഡ് ചെയ്തതായി പ്രോസിക്യൂഷൻ അറിയിച്ചു. അന്വേഷണം തുടരുകയാണെന്നും പ്രോസിക്യൂഷൻ പറഞ്ഞു.

✪✪✪

ലോക്സഭാ സ്പീക്കറെ ഈ മാസം 26 ന് തിരഞ്ഞെടുക്കും. പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനം ഈ മാസം 24 നാണ് ആരംഭിക്കുന്നത്. സമ്മേളനത്തിന്റെ ആദ്യ ദിനങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കും. ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യും. രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേൽ നന്ദിപ്രമേയ ചർച്ചയുണ്ടാകും. രാജ്യസഭയുടെ സമ്മേളനം ഈ മാസം 27നാണ് ആരംഭിക്കുന്നത്. പാർലമെന്റ് സമ്മേളനം അടുത്ത മാസം മൂന്നിന് സമാപിക്കും.

✪✪✪

അജിത് ഡോവലിനെ ദേശീയ സുരക്ഷാ ഉപദേഷ്ടാവായും ഡോ.പി.കെ.മിശ്രയെ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായും വീണ്ടും നിയമിച്ചു. ഈ മാസം പത്തു മുതൽ നടത്തിയ നിയമനങ്ങൾക്ക് കേന്ദ്ര മന്ത്രിസഭയുടെ നിയമന കാര്യ സമിതി ഇന്നലെ അംഗീകാരം നൽകി. ഡോവലിനും മിശ്രയ്ക്കും കാബിനറ്റ് മന്ത്രി പദവി നൽകും.

വിരമിച്ച ഐഎഎസ് ഉദ്യോഗസ്ഥരായ അമിത് ഖരെ, തരുൺ കപൂർ എന്നിവരെ പ്രധാനമന്ത്രിയുടെ ഉപദേശകരായി നിയമിക്കുന്നതിനും സമിതി അംഗീകാരം നൽകി.

✪✪✪

പ്രാദേശിക വാദത്തിനപ്പുറം സംസ്ഥാനത്തിന്റെ വിശാലതലത്തിൽ വേണം എയിംസ് സ്ഥാപിക്കാനെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തൃശ്ശൂരിൽ പറഞ്ഞു.

തൃശ്ശൂരിന് സ്പിരിച്ചുൽ ടൂറിസം ഉൾപ്പെടെ അവസരങ്ങൾ ലഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചു സമ്പൂർണ്ണ വിവരങ്ങൾ ഒരിടത്ത് നൽകുന്ന സമഗ്ര ഗൈഡായി പ്രവർത്തിക്കുന്നതിന് NCRB സങ്കലൻ ഓഫ് ക്രിമിനൽ ലോ എന്ന മൊബൈൽ ആപ്പ് NCRB പുറത്തിറക്കി. അടുത്ത മാസം ഒന്നിനാണ് പുതിയ ക്രിമിനൽ നിയമം നിലവിൽ വരുന്നത്.

ഈ ആപ്പ് പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നിവയുടെ സമാഹാരമാണ്. പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചു അറിവ് വർദ്ധിപ്പിക്കുന്നതിന് പൊതുജനങ്ങൾക്കും കോടതി ഉദ്യോഗസ്ഥർക്കും അഭിഭാഷകർക്കും നിയമ വിദ്യാർത്ഥികൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും ഈ ആപ്പ് ഉപയോഗപ്പെടും.

✪✪✪

വിശുദ്ധ ഹജ്ജിന്റെ സുപ്രധാന കർമ്മങ്ങൾ ഇന്ന് ആരംഭിക്കും. ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ ദൈവത്തിന്റെ വിളിക്ക് ഉത്തരം നൽകുന്നുവെന്ന് അർത്ഥം വരുന്ന ലബെയ്ക്ക് മന്ത്രങ്ങളുമായി

തീർത്ഥാടകർ ഇന്ന് ഉച്ചയോടെ മിനാ താഴ്-വരയിലെത്തും. ഇന്നലെ വൈകിട്ട് മുതൽ തമ്പുകളുടെ താഴ്-വര ലക്ഷ്യമിട്ട് തീർത്ഥാടകർ നീങ്ങിത്തുടങ്ങി.

നാളെയാണ് അറഫാ സംഗമം.

18 ലക്ഷം വിദേശ തീർത്ഥാടകരും 2 ലക്ഷം ആഭ്യന്തര തീർത്ഥാടകരും ഉൾപ്പെടെ 20 ലക്ഷത്തിലേറെ പേർക്കാണ് ഇത്തവണ ഹജ്ജിനു അനുമതി.

✪✪✪

കാൻ ചലച്ചിത്ര മേളയിൽ തിളങ്ങിയ മലയാള ചലച്ചിത്ര പ്രവർത്തകരെ സംസ്ഥാന ഗവൺമെന്റ് ആദരിച്ചു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരങ്ങൾ കൈമാറി. കനി കുസൃതി, ദിവ്യപ്രഭ, ഹൃദ്യ ഹാറൂൺ, അസീസ് നെടുമങ്ങാട് എന്നിവർ മുഖ്യമന്ത്രിയിൽ നിന്നും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

✪✪✪

ലോക കേരള സഭയുടെ നാലാം സമ്മേളനം ഇന്ന് ആരംഭിക്കും. ഇന്നും നാളെയുമായി നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് സമ്മേളനം നടക്കുന്നത്. രാവിലെ നടത്താനിരുന്ന ഉദ്ഘാടന സമ്മേളനം കുവൈത്ത് ദുരന്തത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ രാവിലെ കൊച്ചിയിൽ എത്തിക്കുന്ന സാഹചര്യത്തിൽ വൈകിട്ട് 3 ലേക്ക് മാറ്റി. ഉദ്ഘാടനത്തിനു ശേഷം ലോകകേരള സഭയുടെ വിഷയാധിഷ്ഠിത സമ്മേളനങ്ങളും മേഖലാ സമ്മേളനങ്ങളും നടക്കും. രാത്രി ഭക്ഷണത്തിനു ശേഷവും സമ്മേളനം തുടരും.

കുവൈത്ത് അപകടത്തിൽ അനുശോചനം രേഖപ്പെടുത്തിയാകും സമ്മേളനം ആരംഭിക്കുക. 103 രാജ്യങ്ങളിൽ നിന്നും, 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുമായി പ്രവാസി കേരളീയ പ്രതിനിധികൾ ലോക കേരള സഭയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് ഈ അധ്യയന വർഷം പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം കീമിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് ഇപ്പോൾ

ഓൺലൈനായി അപേക്ഷ സമർപ്പിക്കാമെന്ന് മന്ത്രി ഡോ.ആർ ബിന്ദു അറിയിച്ചു. ആർക്കിടെക്ചർ/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കാണ് പുതുതായി അപേക്ഷിക്കാൻ അവസരം ഒരുങ്ങിയിരിക്കുന്നത്.

✪✪✪

കോഴിക്കോട് ചെറുവണ്ണൂരിലെ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ- സ്റ്റീൽ കോംപ്ളക്സ് ഭൂമി അന്യാധീനപ്പെടുത്തുന്നത് ചെന്നൈയിലെ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണൽ താൽക്കാലികമായി തടഞ്ഞു. സ്റ്റീൽ കോംപ്ളക്സ് ഛത്തീസ്ഗഡ് ഔട്ട്സോഴ്സിംഗ് സർവ്വീസിന് കൈമാറണമെന്ന നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഉത്തരവിനെതിരെ സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച അപ്പീലിലാണ് അപ്പലേറ്റ് അതോറിറ്റിയുടെ ഇടക്കാല ഉത്തരവ്. ഇടക്കാല ഉത്തരവ് മന്ത്രി പി രാജീവ് സ്വാഗതം ചെയ്തു.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഒമാനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ ഇംഗ്ലണ്ട് സൂപ്പർ എട്ടിലെത്താൻ സാധ്യത നിലനിർത്തി.

മറ്റൊരു മത്സരത്തിൽ കിങ്സ്റ്റൗണിലെ സെന്റ് വിൻസെന്റിൽ ബംഗ്ലാദേശ് 25 റൺസിന് നെതർലൻഡ്സിനെ പരാജയപ്പെടുത്തി. ബംഗ്ലാദേശിന്റെ രണ്ടാം വിജയമാണിത്.

ട്രിനിഡാഡിൽ ഇന്ത്യൻ സമയം രാവിലെ ആറിന് ആരംഭിച്ച മത്സരത്തിൽ അഫ്ഗാനിസ്ഥാനും പാപുവ ന്യൂ ഗിനിയയും ഏറ്റുമുട്ടുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ പാപുവ ന്യൂ ഗിനിയ 10 ഓവറിൽ 6 വിക്കറ്റിൽ 48 റൺസെടുത്തു.

മറ്റൊരു മത്സരത്തിൽ ഫ്ലോറിഡയിൽ ഇന്ത്യൻ സമയം രാത്രി എട്ടിന് അമേരിക്ക അയർലൻഡിനെ നേരിടും

നാളെ ഇന്ത്യ കാനഡയെ നേരിടും. ഒരു കളി ബാക്കി നിൽക്കെ ഇന്ത്യ സൂപ്പർ എട്ടിൽ പ്രവേശിച്ചിട്ടുണ്ട്.

✪✪✪

ജൂനിയർ പെൺകുട്ടികളുടെ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദിവ്യ ദേശ്മുഖിന് ജയം. ഗുജറാത്തിലെ ഗാന്ധിനഗറിൽ

ബൾഗേറിയയുടെ ബെലോസ്ലാവ ക്രസ്റ്റേവയെ പരാജയപ്പെടുത്തിയാണ് ദിവ്യ ദേശ്മുഖിന്റെ നേട്ടം. പത്താം റൗണ്ടിൽ വെറും 26 നീക്കങ്ങൾക്കാണ് ദിവ്യ ബെലോസ്ലാവയെ തോൽപ്പിച്ചത്.

✪✪✪

പാലക്കാട് മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തിയേറ്റർ ബ്ലോക്ക് ഒരു മാസത്തിനകം പ്രവർത്തനസജ്ജമാക്കുമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ പറഞ്ഞു. വിദ്യാർത്ഥികളുമായും ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയ്ക്ക് ശേഷം പ്രതികരിക്കുകയായിരുന്നു മന്ത്രി. ഡെപ്യൂട്ടേഷനിലൂടെ ആരോഗ്യവകുപ്പിൽ നിന്ന് അധ്യാപകരെനിയമിക്കുമെന്നും PSC നിയമന നടപടികൾ ത്വരിതപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു

✪✪✪

പിണറായി ഗവൺമെന്റിന്റെ ആദ്യ പത്ത് പരിഗണനയിൽ പോലും - വിദ്യാഭ്യാസം ഇല്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ കുറ്റപ്പെടുത്തി. വിദ്യഭ്യാസ മന്ത്രി നിയമസഭയിൽ മലപ്പുറത്തെ പ്ലസ് വൺ സീറ്റ് സംബന്ധിച്ച് കള്ളം പറഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. മലപ്പുറം ജില്ലാ കോൺഗ്രസ് കമ്മിറ്റി 'പ്ലസ് വൺ വിഷയത്തിൽ ജില്ലയോടു കാണിക്കുന്ന അവഗണന'ക്കെതിരെ സംഘടിപ്പിച്ച കളക്ടറേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മലബാറിലെ 6 ജില്ലകളിൽ അരലക്ഷത്തോളം പ്ലസ് വൺ വിദ്യാർത്ഥികൾ പ്രതിസന്ധിയിലാണെന്നും, തൽക്കാലിക ഏച്ചു കൂട്ടൽ ആണ് ഗവൺമെന്റ് ഇത്തവണയും നടത്തുന്നതെന്നും സതീശൻ പറഞ്ഞു.

✪✪✪

ലോകസഭാതിരഞ്ഞെടുപ്പിലെ തോൽവി / തോൽവി തന്നെയാണെന്നും അത് പരിശോധിക്കുക തന്നെ വേണമെന്നും CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ പറഞ്ഞു. പെരിന്തൽമണ്ണയിൽ ഇഎംഎസിന്റെ ലോകം ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സെമിനാർ ഇന്ന് സമാപിക്കും.

✪✪✪

കോഴിക്കോട്ടെ കേരള സോപ്സ് ആന്റ് ഓയിൽ മാനേജിംഗ് ഡയറക്ടറും അങ്കമാലി ടെൽക്ക് ജനറൽ മാനേജറുമായിരുന്ന കണ്ണൂർ കണ്ണപുരത്തെ ടി പി ശ്രീധരൻ നമ്പ്യാർ നിര്യാതനായി. അദ്ദേഹത്തിന് 83 വയസ്സായിരുന്നു. മൃതദേഹം രാവിലെ 11 ന് കണ്ണപുരം തൃക്കോത്ത് കാരോത്ത് ശ്മശാനത്തിൽ സംസ്കരിക്കും.

✪✪✪

പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ പരാതിക്കാരിയായ യുവതിയെ പോലീസ് കസ്റ്റഡിയിലെടുത്തു. മകളെ കാണാനില്ലെന്ന് കാണിച്ച് യുവതിയുടെ പിതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇന്നലെ രാത്രി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് വടക്കേക്കര പോലീസ് യുവതിയെ കസ്റ്റഡിയിലെടുത്തത്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ ഗൂഢപൂജകൾക്ക് തുടക്കമായി. ഇന്നലെ രാത്രി മൺ കലങ്ങൾ അക്കരെ കൊട്ടിയൂരിലെത്തിയതോടെയാണ് ഗൂഢ പൂജ തുടങ്ങിയത്.

✪✪✪